LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി മണ്ഡലത്തിലെ ത്രിവേണി മൊബൈൽ യൂണിറ്റ്

125 (470) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിൽ കൺസ്യൂമർഫെഡിന് കീഴിലുള്ള മൊബൈൽ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത മൊബൈൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിൽ ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിലാണ് ഇപ്പോൾ മൊബൈൽ ത്രിവേണി യൂണിറ്റ് പ്രവർത്തിക്കുന്നത് ; ഓരോ സ്ഥലത്തേയും വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മൊബൈൽ ത്രിവേണി പ്രവർത്തിക്കുന്ന വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടിയാണ് പ്രവർത്തനം നിർത്തിവച്ചിരിക്കുന്നത്.

(സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്രേക്ക് ടെസ്റ്റ് വർക്കുകൾ നടത്തുന്നതിന് ക്വട്ടേഷൻ സ്വീകരിച്ച് പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മലപ്പുറം ജില്ലയിലെ വേങ്ങര നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മൊബൈൽ ത്രിവേണി യൂണിറ്റിലെ ശരാശരി ദിവസ വിറ്റുവരവ് 2500 രൂപയാണ്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ സഹകരണ മേഖലയിലെ പദ്ധതികൾ

126 (471) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ പലിശരഹിത വായ്പയും നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676വഴി സഹകരണ വകപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിഷൻ 676 പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ജൈവ കാർഷിക കേരളം

1. ഇടുക്കി ജില്ലയിൽ ഐ.സി.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2 കാർഡമം ഡ്രൈയിംഗ് യൂണിറ്റുകൾ ആരംഭിക്കുക.

2. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുക.

3. സഹകരണ മേഖലയിൽ 9 മണ്ണ് പരിശോധനാ ശാലകൾ ആരംഭിക്കുക.

4. സഹകരണ മേഖലയിൽ 3 ടിഷ്യു കൾച്ചർ ലാബുകൾ ആരംഭിക്കുക.

5. ഇടുക്കി ജില്ലയിലും തൃശ്ശൂർ ജില്ലയിലും പച്ചക്കറി സംഭരിച്ച് സൂക്ഷിക്കുന്നതിനും കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ ഒരു ഗോഡൗൺ/കാലാവസ്ഥ നിയന്ത്രിത സ്റ്റോറേജ് കേന്ദ്രം ആരംഭിക്കുക.

6. സഹകരണ മേഖലയിലെ അരി മില്ലുകൾ സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുക.

പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമം

7. 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി പുനരുദ്ധരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. കെ.ജി.റ്റി.ഇ./മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള യുവ തലമുറയ്ക്ക് പരിശീലനം നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക, ആയതിന് സംഘങ്ങൾക്ക് ധനസഹായം നൽകുക.

ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതന പദ്ധതി

9. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന്റെ ആഭിമുഖ്യത്തിൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കുക. കൂടാതെ, വടക്കാഞ്ചേരി എഞ്ചിനീയറിംഗ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുക.

10. ആറന്മുള എഞ്ചിനീയറിംഗ് കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുക.

11. CAPE ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ ബിരുദാനന്തര ബിരുദം ഇല്ലാത്ത കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുക.

12. തൃശ്ശൂർ കേച്ചേരിയിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഉള്ള ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിലവിലുള്ള ഡി.ഫാം കോഴ്സിന് പുറമെ ബി.ഫാം കോഴ്സ് കൂടി ആരംഭിക്കുക.

ആതുര ശുശ്രൂഷാരംഗം

13. സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ അത്യാധുനിക സൗകര്യങ്ങളോടെ ഒരു ക്യാൻസർ കെയർ സെന്റർ സ്ഥാപിക്കുക.

14. സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുക.

സഹകരണ മേഖലയിൽ ഫ്ളാറ്റ് സമുച്ചയം

15. തിരുവനന്തപുരത്ത് സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

നിത്യോപയോഗ സാധന വിതരണം ഉറപ്പാക്കൽ

16. നിലവിലുള്ള ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ) നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് വിദഗ്ധ പഠനംനടത്തി ശക്തിപ്പെടുത്തുന്നതിന്/ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യ വിമുക്ത കേരളം

17. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക, പ്രതിവർഷം കുറഞ്ഞത് 500 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ

18. പ്രവാസികൾക്ക് ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് സഹകരണ മേഖലയിൽ നിന്നും വായ്പ നൽകുക, പ്രതിവർഷം 100 ചെറുകിട വ്യവസായ പദ്ധതികൾക്ക് ധനസഹായം നൽകുക.

മറ്റു വികസന പദ്ധതികൾ

19. സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസും അനുബന്ധ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള സഹകരണ ആസ്ഥാന മന്ദിര നിർമ്മാണം പൂർത്തിയാക്കുക.

20. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം വ്യാപിപ്പിക്കുക.

21. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടി ഇടുക്കി ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് ആരംഭം കുറിക്കുക.

22. 100 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെ പുനരുദ്ധരിക്കുക.

23. സഹകരണ വായ്പാമേഖലയിലെ മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുക.

24. സഹകരണ സംഘങ്ങളിൽ പുതിയതായി അംഗത്വം എടുക്കുന്നവർക്ക് വേണ്ടി സഹകരണ നിയമം, ചട്ടം, മറ്റ് നിയമങ്ങൾ എന്നിവയെ സംബന്ധിച്ച് ഓരോ താലൂക്ക് കേന്ദ്രീകരിച്ചും പരിശീലന പരിപാടികൾ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുക.

25. സൗരോർജ്ജ സംവിധാനം നടപ്പിലാക്കുന്നതിന് അംഗങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹകരണ വായ്പാ സ്ഥാപനങ്ങൾ/ബാങ്കുകൾ മുഖേന വായ്പയും സബ്സിഡിയും അനുവദിക്കുക.

26.സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുകയും മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

27.സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കണ്ടുപഠിക്കുന്നതിനായി മികവ് കൈമാറ്റ സമ്പർക്ക പരിപാടി നടപ്പിലാക്കുക.

28.സംസ്ഥാനത്തെ സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

<u>സേവനാവകാശം</u>

29. സഹകരണ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

<u>ഇ-ഗവേണൻസ്</u>

30. സഹകരണ വകുപ്പിന്റെ ആസ്ഥാന ഓഫീസും അനുബന്ധ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുക.

ഫയൽ തീർപ്പാക്കൽ, ജീവനക്കാർക്ക് പ്രോത്സാഹനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനം

31. തീർപ്പാക്കാൻ ബാക്കി നിൽക്കുന്നതും കാലപ്പഴക്കമുള്ളതുമായ എല്ലാ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കാൻ സഹകരണ വകുപ്പിൽ ഫയൽ അദാലത്ത് യഥാസമയം നടത്തിവരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനും യഥാസമയം പുരോഗതി അവലോകനം ചെയ്യുന്നതിനും ഫയലുകൾ തീർപ്പാക്കുന്നതിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന സഹകരണ വകുപ്പിലെ ജീവനക്കാർക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിനും നടപടി സ്വീകരിക്കുക.

<u>പരാതിക്കാരെ നേരിൽ കേൾക്കാനുള്ള അവകാശം</u>

32. പരാതിക്കാരെ നേരിൽ കേൾക്കുവാനുള്ള അവകാശം സംബന്ധിച്ച് നിയമം പ്രാബല്യത്തിൽവരുന്നമുറയ്ക്ക് അവയിലെ വ്യവസ്ഥകൾ സഹകരണ വകുപ്പിൽ നടപ്പിൽ വരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭരണപരവും ധനപരവുമായ അധികാരങ്ങളുടെ വിഭജനവും ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും

33. സഹകരണ വകുപ്പിൽ വിവിധ തലങ്ങളിലെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ പ്രത്യേകം നിശ്ചയിച്ച് മുമ്പുതന്നെ ഉത്തരവ് നൽകിയിട്ടുള്ളതാണ്. വകുപ്പിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ദൈനംദിനം കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ ലഘൂകരിക്കപ്പെട്ട ചട്ടങ്ങൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത് എന്നറിപ്പ് വരുത്തുക.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പിലെ വിവിധതലങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചുമതല നിശ്ചയിച്ച് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 1 മുതൽ 676 ദിവസംവരെ വിവിധ കാലയളവുകളും ടി കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് തലത്തിൽ സഹകരണസംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്), ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.), ഫിനാൻസ് ആഫീസർ എന്നിവർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

സഹകരണ വകുപ്പിലെ ജീവനക്കാരുടെ JDC ട്രെയിനിംഗ്

127 (472) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിലെ ജീവനക്കാരെ ജെ.ഡി.സി. ട്രെയിനിംഗിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) 2015-16-ലെ ജെ.ഡി.സി. ട്രെയിനിംഗിന് എത്ര പേരെയാണ് തെരഞ്ഞെടുത്തത് ; അവരുടെ പേരുവിവരം അറിയിക്കാമോ ; അവരെല്ലാം സർവ്വീസിൽ പ്രവേശിച്ചത് എന്നാണ് ; വിശദമാക്കാമോ ?